**“CORRUPTION, A CRIME AGAINST NATION”**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം. 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 14.05.2025

## കേരളാ സ്റ്റേറ്റ് റൂറൽ റോഡ് ഡെവലപ്പ്മെന്റ് ഏജൻസിയിലെ ഉദ്യോഗസ്ഥർ ക്കെതിരെ വിജിലൻസ് കേസ്.

കേരളാ സ്റ്റേറ്റ് റൂറൽ റോഡ് ഡവലപ്പ്മെന്റ് എജൻസിയുടെ തിരുവനന്തപുരം ഓഫീസിൽ സീനിയർ ക്ലർക്കായിരുന്ന ബിനോയ് ജോർജ്ജ്, കരാർ ജീവനക്കാരി ആയിരുന്ന അനിതാ ചന്ദ്രൻ എന്നിവർ, KSRRDA മുഖേനെ നടത്തുന്ന റോഡ് വർക്കുകളുടെ കോൺട്രാക്ടർമാരിൽ നിന്നും ബിൽ മാറി നൽകുന്നതിന് കൈക്കൂലി വാങ്ങുന്നു എന്ന് വിജിലൻസിന് വിവരം ലഭിച്ചിരുന്നു. ഈ വിവരത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് പ്രാഥമിക അന്വേഷണം നടത്തുകയും, അന്വേഷണത്തിൽ കോൺട്രാക്ടർമാരിൽ നിന്നും ഗൂഗിൾപേ മുഖേന ബിനോയ് ജോർജ്ജ് 1,79,000/- രൂപയും, അനിതാ ചന്ദ്രൻ 23,000/- രൂപയും അനർഹമായി കൈപ്പറ്റിയതായി കണ്ടെത്തിയിരുന്നു. ഈ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കേരളാ സ്റ്റേറ്റ് റൂറൽ റോഡ് ഡവലപ്പ്മെന്റ് എജൻസിയുടെ (KSRRDA) തിരുവനന്തപുരം ഓഫീസിൽ സീനിയർ ക്ലർക്കായിരുന്ന ബിനോയ് ജോർജ്ജ്, കരാർ ജീവനക്കാരി ആയിരുന്ന അനിതാ ചന്ദ്രൻ എന്നീ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് ഇന്ന്(14.05.2025) ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു.

## ലോൺ സബ്സിഡി അനുവദിച്ചതിൽ ക്രമക്കേട്:- തിരുവനന്തപുരം നഗരസഭയിലെ മുൻ വ്യവസായ വികസന ഓഫീസർമാർക്കെതിരെ വിജിലൻസ് കേസ്

ബി.പി.എൽ വിഭാഗത്തിലെ വനിതകൾക്ക് സംരംഭകത്വം തുടങ്ങുന്നതിനുള്ള തിരുവനന്തപുരം നഗരസഭയുടെ 2021-22 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ക്രമക്കേടുകൾ നടന്നതായും മാനദണ്ഡങ്ങൾ പാലിക്കാതെ സബ്സിഡി അനുവദിച്ച് നൽകിയതായും വിജിലൻസിന് വിവരം ലഭിച്ചിരുന്നു. ഇതിനെ തുടർന്ന് വിജിലൻസ് ഒരു പ്രാഥമിക അന്വേഷണം നടത്തുകയും ഈ അന്വേഷണത്തിൽ, സബ്സിഡി മാർഗ്ഗനിർദേശങ്ങളും, യോഗ്യതാ മാനദണ്ഡങ്ങളും പാലിക്കാതെ വ്യാജ രേഖകൾ ഹാജരാക്കിയ

അനർഹരായ സ്വയം സഹായ ഗ്രൂപ്പകൾക്ക് സബ്സിഡി അനുവദിച്ചത് വഴി തിരുവനന്തപുരം കോർപറേഷന് 1,14,00,000/-രൂപ നഷ്ടം സംഭവിച്ചതായി കണ്ടെത്തിയിരുന്നു. ഈ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് ഇന്ന് (14.05.2025) തിരുവനന്തപുരം നഗരസഭയിൽ 2021-22 കാലയളവിലെ പദ്ധതി നിർവ്വഹണ ചുമതല വഹിച്ചിരുന്ന ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർമാരായിരുന്ന ഷെഫിൻ എം.ബി, പ്രവീൺരാജ് റ്റി. ആർ എന്നിവർക്കെതിരെ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു..

## നിലക്കലിൽ പാർക്കിങ് ഫീസ് പിരിക്കുന്നതിന് ടെണ്ടർ നൽകിയതിൽ ക്രമക്കേട്:- രണ്ട് ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർക്കും, കോൺട്രാക്ടർക്കുമെതിരെ വിജിലൻസ് കേസ്.

2022-23 ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടന കാലഘട്ടത്തിൽ, തീർത്ഥാടകരുടെ വാഹനം പാർക്ക് ചെയ്യുന്ന നിലക്കലിൽ, പാർക്കിങ് ഫീസ് ഈടാക്കാനുള്ള കരാർ നൽകിയതിൽ ക്രമക്കേടുകൾ നടന്നാതായുള്ള പരാതികളുടെ അടിസ്ഥാനത്തിൽ കേരളാ ഹൈക്കോടതി ഒരു പ്രാഥമിക അന്വേഷണം നടത്തുന്നതിന് ഉത്തരവ് ആവുകയും, ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഒരു പ്രാഥമിക അന്വേഷണം നടത്തുകയും ചെയ്തിരുന്നു. ഈ അന്വേഷണത്തിൽ, 2022-23 ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടന കാലഘട്ടത്തിൽ, നിലക്കലിൽ പാർക്കിങ് ഫീസ് ഈടാക്കുന്നതിന് ടെണ്ടർ നൽകിയതിൽ, തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ദേവസ്വം കമ്മീഷണറായിരുന്ന ബി.എസ് പ്രകാശ്, ശബരിമല എക്സിക്യൂട്ടിവ് ഓഫീസറായ എച്ച്. കൃഷ്ണകുമാർ എന്നിവർ കോൺട്രാക്ടറായ സജീവനുമായി ഗൂഡാലോചന നടത്തി, ടെണ്ടർ നോട്ടിസിന് വേണ്ടവിധം പ്രചാരണം നൽകാതെയും, കോൺട്രാക്ടർ സമർപ്പിച്ച രേഖകൾ ശരിയായവിധം പരിശോധിക്കാതെയും, ബാങ്ക് ഗ്യാരണ്ടി വാങ്ങാതെയും മറ്റുമുള്ള ടെണ്ടർ മാനദണ്ഡങ്ങൾ പാലിക്കാതെ പാർക്കിങ് ഫീസ് പിരിക്കാനുള്ള ടെണ്ടർ അനുവദിച്ച് നൽകിയതായും, കരാർ നേടിയ കോൺട്രാക്ടർ കരാർ പ്രകാരം അടക്കേണ്ട ബാലൻസ് തുക അടക്കാതിരിക്കുകയും ഇത് കാരണം തിരുവിതാംകൂർ ദേവസ്വം ബോർഡിന് 1,41,13,314/- രൂപ യുടെ നഷ്ടം സംഭവിച്ചതായും കണ്ടെത്തിരുന്നു. ഈ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ദേവസ്വം കമ്മീഷണറായിരുന്ന ബി.എസ് പ്രകാശ്, ശബരിമല എക്സിക്യൂട്ടിവ് ഓഫീസറായ എച്ച്. കൃഷ്ണകുമാർ, കോൺട്രാക്ടറായ സജീവൻ എന്നിവർക്കെതിരെ വിജിലൻലസ് ഇന്ന്(14.05.2025) ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.